പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1111 30.10.2019-ൽ മറുപടിക്ക്

## എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുവാൻ പദ്ധതികൾ

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ ഘടനാപരമായി എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ, എങ്കിൽ വിശദാംശം അറിയിക്കുമോ, | (എ) ഘടനാപരമായി മാറ്റങ്ങൾ വരുത്തിയിട്ടില്ല. എന്നാൽ എക്സൈസ് വകുപ്പിലെ മേജർ അബ്കാരി/എൻ.ഡി.പി.എസ് കേസുകൾ അന്വേഷണം നടത്തുന്നതിന് ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിച്ചിട്ടുണ്ട് |
| (ബി) എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) എക്സൈസ് വകുപ്പിനെ ശാക്തീകരിക്കുന്നതിനായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br>സംസ്ഥാനത്ത് എല്ലാ ജില്ലകളിലും വയർലെസ്സ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. നിലവിൽ എറണാകുളം, പാലക്കാട് ജില്ലകളിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകൾക്കായി ഈ വർഷം വർക്ക് ഓർഡർ നല്കിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 9 ജില്ലകളിൽ തുടർന്നുള്ള വർഷങ്ങളിൽ ഡിജിറ്റൽ വയർലെസ്സ് സിസ്റ്റം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.<br>വകുപ്പിൽ 10 വർഷം പഴക്കമുള്ള 1,60,000 കിലോമീറ്റർ പൂർത്തിയാക്കിയ 72 വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങി വകുപ്പിലെ |

എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

കുറ്റവാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി അവരുടെ ഫിംഗർപ്രിന്റ് ലഭ്യമാക്കുന്നതിനുള്ള ട്രെയിനിങ് ഉദ്യോഗസ്ഥൻമാർക്ക് നൽകുന്നതാണ്. ഈ സംവിധാനം നിലവിൽ വരുന്നത് കൊണ്ട് തൊണ്ടി വാഹനങ്ങളിൽ നിന്നും തൊണ്ടി മുതലുകളിൽ നിന്നും പ്രതികളുടെ ഫിംഗർപ്രിന്റ് ലഭ്യമാക്കി കുറ്റവാളികളെ കണ്ടെത്തി കേസന്വേഷണം ത്വരിതപ്പെടുത്തുന്നതിന് സഹായകരമാണ്.

മയക്കു മരുന്ന് പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഒരു വ്യക്തി ഉപയോഗിച്ച മയക്കുമരുന്ന് ഏതെന്നു കണ്ടുപിടിക്കുന്ന ABON KIT ലഭ്യമാക്കാൻ ഉദ്ദേശമുണ്ട്. ഇത് ലഭ്യമാക്കുന്നതോടുകൂടി ഒരു വ്യക്തി ഉപയോഗിച്ച മയക്കുമരുന്ന് ഏതെന്നു കണ്ടുപിടിക്കുവാനും ടിയാൾക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും സാധിക്കുന്നു.

വകുപ്പിൽ വീഡിയോ കോൺഫെറൻസിങ് സിസ്റ്റം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കിൾ ഓഫീസ് തലം വരെ വീഡിയോ കോൺഫെറൻസിങ് സംവിധാനം സ്ഥാപിക്കുന്നതിലൂടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ അവലോകനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആയതിലൂടെ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും കഴിയും.

വകുപ്പിൽ പുതുതായി 36 പിസ്റ്റലുകളും, കേടായ പിസ്റ്റലുകൾക്ക് പകരം 14 പിസ്റ്റലുകളും വാങ്ങുവാനും ഉദ്ദേശിക്കുന്നുണ്ട്. ആയതിലൂടെ എല്ലാ ഫീൽഡ്

ഓഫീസുകളിലുമുള്ള ഓഫീസർമാർക്ക് പിസ്റ്റലുകൾ ലഭ്യമാക്കുന്നതും ഏതു സാഹചര്യവും നേരിടുവാൻ സജ്ജമാക്കുന്നതുമാണ്. കൂടാതെ എക്സൈസ് ടവറുകൾ സ്ഥാപിക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ